**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2954** **28-02-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കിഫ്‌ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കിഫ്‌ബി സാമ്പത്തികാനുമതി നൽകിയ ഡബ്ല്യൂ.എസ്.എസ്. ടു കാസർഗോഡ് മുൻസിപ്പാലിറ്റി ആൻഡ് ചെമ്മനാട് പഞ്ചായത്ത് എന്ന പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കിഫ്‌ബി ധനസഹായത്തോടുകൂടി കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള ജലവിതരണ പദ്ധതിക്ക് 76 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 5 പാക്കേജുകളായാണ് പൂർത്തീകരിക്കുന്നത്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രോജക്ടിൽ ചെമ്മനാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ട്; ആയതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി 76 കോടിയുടെ ഭരണാനുമതി നൽകിയതിൽ നിന്നും ചെമ്മനാട് പഞ്ചായത്തിന് വേണ്ടി മാത്രം 21.24 കോടി രൂപയും കാസർഗോഡ് മുനിസിപ്പാലിറ്റി, ചെമ്മനാട് പഞ്ചായത്ത് എന്നിവയ്ക്കുള്ള നിർമ്മാണഘടകങ്ങൾക്കു വേണ്ടി 42.35 കോടിയും, കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടി മാത്രം 12.41 കോടി രൂപയുമാണ് നീക്കി വെച്ചിട്ടുള്ളത്.<br><br>ഉന്നതതല ജലസംഭരണിക്കുവേണ്ടിയുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് സ്ഥലങ്ങളുടെ വില നല്കിയിട്ടുണ്ട്. ടാങ്ക് നിർമ്മിക്കാൻ ആവശ്യമായ സ്ഥലങ്ങളുടെ മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കാസർഗോഡ് ജില്ലയിൽ കിഫ്ബി സാമ്പത്തികാനുമതി നൽകിയ ഡബ്ല്യൂ.എസ്.എസ്. ടു കാസർഗോഡ് മുൻസിപ്പാലിറ്റി ആന്റ് ചെമ്മനാട് പഞ്ചായത്ത് എന്ന പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ

**1) പാക്കേജ് I**

ബാവിക്കരയിലുള്ള ശുദ്ധീകരണശാല, മൊട്ടലിലുള്ള കിണർ, പമ്പ് ഹൗസ് എന്നിവിടങ്ങളിലേക്ക് വിദ്യാനഗർ സബ് സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കൽ (കെ.എസ്.ഇ.ബി.ക്ക് പണമടച്ച് കെ.എസ്.ഇ.ബി. ചെയ്യുന്ന പ്രവൃത്തി) എന്നിവയാണ് ആ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.

**2) പാക്കേജ് II**

പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവയുടെ വിതരണവും സ്ഥാപിക്കലും, 11 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നത തല ജല സംഭരണി, സബ് സ്റ്റേഷൻ കെട്ടിടം എന്നിവയുടെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഈ പാക്കേജിൽ ഉൾപെട്ടിട്ടുള്ളത്. 31/ 08/ 2019 ന് പ്രവൃത്തികൾ പൂർത്തീകരിച്ചു.

**3)പാക്കേജ് III**

ബാവിക്കരയിലുള്ള 55 MLD ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ നിർമ്മാണം 30.11.2021 ൽ പ്രവൃത്തി പൂർത്തീകരിച്ചു.

**4) പാക്കേജ് IV**

വിദ്യാനഗർ, പുലിക്കുന്ന്, എന്നിവിടങ്ങളിലുള്ള 5 ലക്ഷം, 8 ലക്ഷം, 21 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമാണം, വിദ്യാനഗർ മുതൽ പുലിക്കുന്ന് വരെയുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ എന്നിവയാണ് ഈ പാക്കേജിൽ ഉൾപെട്ടിട്ടുള്ളത്. 28.02.2022-ൽ പ്രവൃത്തികൾ പൂർത്തീകരിച്ചു.

**5) പാക്കേജ് V**

ചെമ്മനാട് പഞ്ചായത്തിനു വേണ്ടിയുള്ള 16 ലക്ഷം,13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമാണം, ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ എന്നിവയാണ് ഈ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ളത്. ടാങ്ക് നിർമിക്കാനാവശ്യമായ സ്ഥലങ്ങൾ ഏറ്റെടുത്ത് സ്ഥലങ്ങളുടെ വില നല്കിയിട്ടുണ്ട്. ടാങ്ക് നിർമ്മിക്കാൻ ആവശ്യമായ സ്ഥലങ്ങളുടെ മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**